**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1110** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കുട്ടനാട് കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. പാക്കേജ് 1 മുതൽ 9 വരെയുള്ള പ്രവർത്തനങ്ങളിൽ പാക്കേജ് 3 ഒഴികെയുള്ളവ പൂർണ തോതിൽ നടക്കുന്നുണ്ട്. നിലവിലെ പുരോഗതി അനുസരിച്ച് പ്രവർത്തനം നടക്കുന്ന പാക്കേജുകൾ എല്ലാം 2027 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്ന രീതിയിൽ ആണ് schedule ചെയ്തിട്ടുള്ളത്. സാങ്കേതിക കാരണങ്ങളാൽ ദർഘാസ് റദ്ദാക്കിയ പാക്കേജ് 3 ന്റെ എസ്റ്റിമേറ്റ് 2021 SOR അനുസരിച്ച് പുതുക്കി സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പാക്കേജ് അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചശേഷം പുതുക്കിയ financial sanctionനൽകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തു രണ്ടാഴ്ച്ചയിൽ ഒരിക്കൽ ഇതിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ പാക്കേജ് പ്രവർത്തികളുടെയും പുരോഗതി പ്രത്യേകമായി എല്ലാ മാസവും കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ ഓഫീസിൽ അവലോകനങ്ങൾ നടത്തുന്നുണ്ട്. മാത്രമല്ല, കൃത്യമായ ഇടവേളകളിൽ ഹെഡ് ഓഫീസ് തലത്തിലും എല്ലാ പദ്ധതികളെയും അവലോകനം ചെയ്യാറുണ്ട്. |
| (സി) | നിലവിലെ ഓരോ ഘട്ടത്തിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (സി) | **പാക്കേജ് - 1 -** പമ്പാനദി സ്രോതസ്സായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 MLD ശുദ്ധീകരണ ശാലയും, അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിന് ചിക്കാഗോ കൺട്രക്ഷൻ എന്ന കരാറു കമ്പനിക്ക് പ്രവൃത്തി ഉത്തരവ് 12.06.2024 ൽ നൽകി, 08/07/2024 - ൽ കരാർ വച്ചു. പ്രവൃത്തി പുരോഗമിക്കുന്നു. 50% പ്രവൃത്തി പൂർത്തീകരിച്ചു.<br><br>**പാക്കേജ് - 2 -** എടത്വ (11 ലക്ഷം ലിറ്റർ), തലവടി (8 ലക്ഷം ലിറ്റർ) പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണിയുടേയും, ഈ പഞ്ചായത്തുകളിലേക്ക് |

8.5 കി.മീ ട്രാൻസ്മിഷൻ മെയിനിന്റെയും, നിലവിലെ ജല സംഭരണികളിലെ നവീകരണ പ്രവർത്തികൾക്കും ശ്രീ അബു മാത്യു എന്ന കരാറുകാരന് 15.10.2025 – ൽ പ്രവൃത്തി ഉത്തരവ് നൽകി. 19.12.2025-ൽ എഗ്രിമെന്റ് വച്ചു. പ്രാരംഭ പ്രവൃത്തികൾ കരാറുകാരൻ ആരംഭിച്ചു.

**പാക്കേജ് - 3 - (എ)-** നീരേറ്റുപുറത്തെ ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നി പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണ പ്രവർത്തിയുടെ ദർഘാസ് സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി എസ്റ്റിമേറ്റ് 2021 SOR അനുസരിച്ച് പുതുക്കി സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പാക്കേജ് അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ച ശേഷം പുതുക്കിയ financial sanction നൽകുന്ന മുറക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>പാക്കേജ് - 3 (ബി) -</u>** ട്രാൻസ്മിഷൻ മെയിൻ കടന്നുപോകുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.റ്റി.പി മുഖേന നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിന് 21.8 കോടി രൂപ കെ എസ് ടി പി ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ക് സൊസൈറ്റി നടത്തിവരുന്നു. ഇത് 69% പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പാക്കേജ് - 4 -</u>** എടത്വ (80 കി.മി) വീയപുരം (83കി.മി), തലവടി (85.3 കി.മി), തകഴി (83.4 കി.മി) എന്നീ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ (6 ലക്ഷം ലിറ്റർ), സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഓം ധാർ എൻജിനീയറിംഗ് ലിമിറ്റഡ് എന്ന കമ്പനിക്ക് 04.09.2024 ൽ പ്രവൃത്തി ഉത്തരവ് നൽകി. 12.03.2025 -ൽ എഗ്രിമെന്റ് വച്ചു. തകഴിയി ൽ OHSR - ന്റെ വർക്കിംഗ് പൈലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. വീയപുരം, എടത്വ, തലവടി, തകഴി പഞ്ചായത്തുകളിൽ പൈപ്പ് ലേയിംഗ് വർക്കുകൾ പുരോഗമിക്കുന്നു. പ്രവർത്തി 15% പൂർത്തീകരിച്ചു.

**പാക്കേജ് - 5 -** മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5ലക്ഷം ലിറ്റർ),നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, ടി

പഞ്ചായത്തുകളിൽ മുട്ടാർ (36 കി.മി), വെളിയനാട് (44.5 കി.മി), നീലംപേരൂർ (29 കി.മി) എന്നിവിടങ്ങളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തിക്ക് സൂര്യ കൺസ്ട്രക്ക്ഷൻസ് എന്ന കമ്പനിക്ക് 07.08.2025 - ൽ പ്രവൃത്തി ഉത്തരവ് നൽകി. 17.09.2025 - ൽ എഗ്രിമെന്റ് വച്ചു. പൈലിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. പ്രവർത്തി 10% പൂർത്തീകരിച്ചു.

**<u>പാക്കേജ് - 6 -</u>** പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ), എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും. പുളിങ്കുന്ന് (58.7 കി.മി), കാവാലം (21.6 കി.മി) എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവർത്തിക്ക് സൂര്യ കൺസ്ട്രക്ക്ഷൻസ് എന്ന കമ്പനിക്ക് 30.06.2025 - ൽ പ്രവൃത്തി ഉത്തരവ് നൽകി, 28.07.2025 - ൽ എഗ്രിമെന്റ് വച്ചു. കാവാലം ഉന്നതതല ജലസംഭരണി പൈലിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. കാവാലം പുളിങ്കുന്ന് പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമി ക്കുന്നു. പ്രവർത്തി 10% പൂർത്തീകരിച്ചു.

**<u>പാക്കേജ് - 7 -</u>** രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജല സംഭരണി സ്ഥാപിക്കുന്നതിനും രാമങ്കരി (36.7 കി.മി), ചമ്പക്കുളം (79.കി.മി) ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവർത്തിക്ക് സൂര്യ കൺസ്ട്രക്ക്ഷൻസ് എന്ന കമ്പനിക്ക് 07.08.2025 -ൽ പ്രവൃത്തി ഉത്തരവ് നൽകി. 17.09.2025 -ൽ എഗ്രിമെന്റ് വച്ചു. പൈലിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. രാമങ്കരി, ചമ്പക്കുളം പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപി ക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പ്രവൃത്തി 10% പൂർത്തീകരിച്ചു.

**<u>പാക്കേജ് - 8 -</u>** കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജല സംഭരണി സ്ഥാപിക്കുന്നതിനും. നെടുമുടി (137 കി.മി) കൈനകരി (115 കി.മി) ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിക്ക് 28.05.2025 ൽ ബിവായ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക്

| | | | |
|---|---|---|---|
| | | | പ്രവൃത്തി ഉത്തരവ് നൽകി. 16.08.2025 - ൽ കരാർ ഒപ്പിട്ടു. കൈനകരി, നെടുമുടി പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പ്രവർത്തി 5% പൂർത്തീകരിച്ചു.<br><br>**<u>പാക്കേജ് - 9 -</u>** വീയപുരം (4.75 ലക്ഷം ലിറ്റർ) പഞ്ചായത്തിലെ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് ശ്രീ അബു മാത്യു എന്ന കരാറുകാരന് 07.08.2025 - ൽ പ്രവർത്തി ഉത്തരവ് നൽകി. 19.12.2025-ൽ എഗ്രിമെന്റ് വച്ചു. പ്രാരംഭ പ്രവൃത്തികൾ കരാറുകാരൻ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ